DESPATCHED
On..31/8/22......

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 2823(3)/2018/എസ്.ഐ.സി

(ഫയൽ നം. 14719/എസ്.ഐ.സി - ജി 1/2018)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

## സന്നിഹിതൻ

## ശ്രീ. എ. അബ്ദുൾ ഹക്കീം, വിവരാവകാശ കമ്മീഷണർ

തീയതി - 27-08-2022

ശ്രീ. വയിലേരി രാജൻ,
തൂവക്കാട്, ചേമഞ്ചേരി പി.ഒ,
കോഴിക്കോട് - 673 304.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റൻ ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22.05.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 04.09.2018 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 14.12.2018 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 17.12.2018 |

# ഉത്തരവ്·

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി തൂവക്കോട് വയിലേരി രാജൻ എന്നയാൾ 2018 മേയ് മാസം 22–ാം തീയതി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ മുമ്പാകെ വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം സമർപ്പിച്ച അപേക്ഷയാണ് ഈ കേസിനാധാരം. ഇതിൽ കൊളക്കാട് ദേശത്തെ സർവ്വെ 8/1 റീ സർവ്വേ 8/1 ൽ പെട്ട സ്ഥലം മഴവെള്ളം ഒഴുകി പോകുന്ന തോടാണ് എന്നതിന് എന്തെങ്കിലും രേഖകൾ ഉണ്ടോ, ഉണ്ടെങ്കിൽ പകർപ്പു നൽകുമോ എന്നായിരുന്നു അപേക്ഷകന്റെ മുഖ്യ ആവശ്യം. എന്നാൽ തന്റെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാത്തതിനെ തുടർന്ന് അപ്പീൽ അധികാരിയെ സമീപിച്ചു എങ്കിലും, അദ്ദേഹത്തിന്റെ നിർദ്ദേശമുണ്ടായിട്ടും രേഖകൾ ലഭിച്ചില്ലായെന്ന് 17.12.2018 തീയതിയിലെ അപ്പീൽ പരാതിയിൽ അപേക്ഷകനായ രാജൻ കമ്മീഷൻ മുമ്പാകെ ബോധി പ്പിച്ചിരുന്നു. തുടർന്ന് കമ്മീഷൻ റിപ്പോർട്ട് തേടുകയും മറുപടി ലഭിക്കു കയും ചെയ്തു. എന്നാൽ മറുപടികൾ സുഗമമായി ലഭിക്കുന്നുണ്ടെങ്കിലും അപേക്ഷകൻ ആവശ്യപ്പെട്ട വിവരം നൽകിയില്ല എന്നതാണ് പ്രധാനം.

1. ശ്രീ വയിലേരി രാജൻ ആവശ്യപ്പെട്ട വിവരങ്ങൾ അവർക്ക് ലഭ്യ മാക്കുന്നതിന് വേണ്ടി ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിന്റെ പകർപ്പ് സൗജന്യമായി

സോഫ്റ്റ് കോപ്പി ഹർജിക്കാരന് 14 ദിവസത്തിനകം ലഭ്യമാക്കാൻ ഈ കമ്മീഷൻ ഉത്തരവാകുന്നു.

2. ഒന്നാം ഉത്തരവിന്റെ നിർദ്ദേശം നടപ്പിലാക്കുമ്പോൾ അപേക്ഷകനിൽ നിന്നും രേഖാമൂലം കൈപ്പറ്റ് രസീത് വാങ്ങേണ്ടതും ആയതിന്റെ പകർപ്പ് ഈ കമ്മീഷനിൽ സമർപ്പിക്കേണ്ടതുമാണ്.

മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022, ഓഗസ്റ്റ് മാസം 27–ാം തീയതി) ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൾ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി